# നീര: 17 തെങ്ങിൽ നിന്ന് ടോം നേടിയത് 46,048 രൂപ

കൊച്ചി: ഒരു തെങ്ങിന് ശരാശരി മാസം നീരയിലൂടെ ലഭിക്കുന്ന വരുമാനം 1800 രൂപ. പാലക്കാട് ജില്ലയിലെ ചപ്പക്കാട് സ്വദേശി ടോം തോമസ് ചെത്താൻ നൽകിയ ഒരു തെങ്ങിന് മുതലമട നാളികേര കർഷക ഫെഡറേനിൽ നിന്നാണ് ഈ തുക ലഭിച്ചത്. 17 തെങ്ങിൽ നിന്ന് ലഭിച്ചത് 46048 രൂപ. പാലക്കാട്ടു തന്നെ പെരിയപതിക്കാട് സ്വദേശി ഉണ്ണികൃഷ്ണനും 11 തെങ്ങിൽ നിന്ന് 22879 രൂപയും ഇടുക്കിഷാന സ്വദേശി ഫാ. തോമസിന് പത്തു തെങ്ങുകളിൽ നിന്ന് 11599 രൂപയും ലഭിച്ചു.

മുതലമടയിലെ പ്രൊഡ്യൂസർ കമ്പനിയുടെ നീര വിൽപന എറണാകുളത്ത് വൻ വിജയമാണ്. വൈറ്റില മൊബിലിറ്റി ഹബ്ബിൽ ഇപ്പോൾ ദിനംപ്രതി 100-150 ലിറ്റർ നീര വിൽക്കുന്നുണ്ട്. ഉടനെ തന്നെ എറണാകുളം മറൈൻഡ്രൈവിൽ പുതിയ വിൽപന കേന്ദ്രവും തുറക്കും. എറണാകുളത്തപ്പൻ ഗ്രൗണ്ടിലെ വ്യവസായ പ്രദർശന നഗരിയിലെ സ്റ്റാളിലും നീര കുടിക്കാൻ ധാരാളം പേരെത്തുന്നുണ്ട്. 200 മില്ലിക്ക് 25 രൂപയാണ് വില.

കമ്പനിക്കു കീഴിലെ മുതലമട നാളികേര ഫെഡറേഷനാണ് ഇപ്പോൾ നീര ടാപ്പു ചെയ്യുന്നത്. ബാക്കി പത്ത് ഫെഡറേഷനുകൾ ഈ മാസം തന്നെ ഉത്പാദനം തുടങ്ങും.